ഭൂമി വാങ്ങാനും വീട് വയ്ക്കാനും ഉള്ള പ്രത്യേക ഘടക പദ്ധതിയുടെ നടപടി ക്രമങ്ങൾ

18 (*685) ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികജാതിവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി വാങ്ങാനും വീട് വയ്ക്കാനും ഉള്ള പ്രത്യേക ഘടക പദ്ധതിയുടെ നടപടിക്രമങ്ങൾ ലഘൂകരിക്കാനും പദ്ധതി വിപുലപ്പെടുത്താനും ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) മുൻ സാമ്പത്തിക വർഷാവസാനം ഈ പദ്ധതിയിൻ കീഴിൽ ട്രഷറികളിൽ നിന്നും പിൻവലിച്ച എന്തു തുക വീതം ഇനിയും ചെലവഴിക്കേണ്ടതായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രത്യേക ഘടക പദ്ധതി പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ വഴിയല്ലാതെ സർക്കാർ നേരിട്ട് നടപ്പിൽ വരുത്തുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ ?

പിന്നോക്ക-പട്ടികജാതിവികസന വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) :

(എ) ഇല്ല.

(ബി) ട്രഷറിയിൽ നിന്നും പിൻവലിച്ച തുക ഇനിയും ചെലവഴിക്കാനില്ല.

(സി) സർക്കാർ തീരുമാനപ്രകാരം പ്രത്യേക ഘടകപദ്ധതി തുകയുടെ $^{1}/_{3}$ ഭാഗം പട്ടികജാതി വികസന വകുപ്പും $^{2}/_{3}$ ഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുമാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്.

ഓപ്പറേഷൻ ശക്തി എന്ന പേരിൽ നടത്തിയ മിന്നൽ പരിശോധന

19 (*686) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ഓപ്പറേഷൻ ശക്തി' എന്ന പേരിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളിൽ വിജിലൻസ് വിഭാഗം ഒരു മിന്നൽ പരിശോധന നടത്തുകയുണ്ടായോ ;

(ബി) പ്രസ്തുത പരിശോധനയിൽ എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) ഈ പരിശോധനയെ തുടർന്ന് എന്തെല്ലാം ഔദ്യോഗിക നടപടികൾ ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) കണ്ടെത്തിയ ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ എടുത്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കെ.എസ്.ഇ.ബി.-യുടെ എല്ലാ ഓഫീസുകളിലും കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) നടത്തുകയുണ്ടായി.

(ബി) കോട്ടയം, ആലപ്പുഴ, ഇടുക്കി, വയനാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ നടന്ന പരിശോധനയിൽ താഴെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി.

1. അനധികൃതമായി കണക്റ്റഡ് ലോഡ് വർദ്ധിപ്പിക്കുക.
2. അനധികൃതമായി മീറ്റർ മാറ്റി സ്ഥാപിക്കുക.
3. സർവ്വീസ് കണക്ഷൻ രജിസ്റ്ററുകൾ ശരിയായി സൂക്ഷിക്കാതിരിക്കുക.
4. സെക്ഷൻ ഓഫീസിലെ സാധന സാമഗ്രികളുടെ കണക്ക് കൃത്യമായി സൂക്ഷിക്കാതിരിക്കുക.
5. പരാതികൾ പരിഹരിക്കാതിരിക്കുക.
6. ഡിസ്കണക്ഷൻ/റീ കണക്ഷൻ രജിസ്റ്ററുകൾ ക്രമമായി സൂക്ഷിക്കാതിരിക്കുക.
7. കൃഷിയാവശ്യങ്ങൾക്കുള്ള വൈദ്യുതി അനധികൃതമായി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുക.
8. ആവശ്യത്തിന് സ്റ്റോക്ക് ലഭ്യമായിരുന്നിട്ടും കേടായ മീറ്ററുകൾ മാറ്റി വയ്ക്കാതിരിക്കുക.
9. ഡിമാന്റ് -കണക്ഷൻ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാതിരിക്കുക.
10. കൃഷിയാവശ്യങ്ങൾക്കുള്ള വൈദ്യുതി കണക്ഷന്റെ രജിസ്റ്റർ സൂക്ഷിക്കാതിരിക്കുക.
11. ഡിസ്കണക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയശേഷം യഥാർത്ഥത്തിൽ സർവ്വീസ് ഡിസ്കണക്ട് ചെയ്താതിരിക്കുക.
12. അനധികൃതമായി വൈദ്യുതി കണക്ഷൻ നൽകുക.
13. അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുക.
14. കാഷ്യറുടെ രസീതുബുക്കുകൾ സാക്ഷ്യപ്പെടുത്താതിരിക്കുക, രസീത് ബുക്കുകളുടെ സ്റ്റോക്ക് സൂക്ഷിക്കാതിരിക്കുക, ഡെയിലി ഡിമാന്റ് (എസ്.ഒ.പി-16) സാക്ഷ്യപ്പെടുത്താതിരിക്കുക. പ്രൊവിഷണൽ ഇൻവോയ്സ് ബുക്കുകളുടെ കണക്ക് സൂക്ഷിക്കാതിരിക്കുക, ഡെയ്ലി കളക്ഷൻ രജിസ്റ്റർ സാക്ഷ്യപ്പെടുത്താതിരിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെ ചീഫ് എഞ്ചിനീയർമാർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവർക്ക് സെക്ഷൻ ഓഫീസുകൾ പരിശോധിക്കുവാനും ക്രമക്കേടുകൾ കണ്ടെത്തി അവ പരിഹരിക്കാനും ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശോധനയിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ എല്ലാ ഉദ്യോഗസ്ഥന്മാർക്കും എതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള അച്ചടക്ക നടപടികൾ എടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ഇ) കെ.എസ്.ഇ.ബി.-യുടെ എല്ലാ പ്രവർത്തനങ്ങളും ഇപ്പോൾ തന്നെ സുതാര്യമാണ്. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

റോഡുകൾക്ക് വീതി കൂട്ടുമ്പോൾ ഇലക്ട്രിക് പോസ്റ്റുകൾ ഇളക്കി മാറ്റാൻ നടപടി

1 (3923) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡുകൾക്ക് വീതി കൂട്ടുമ്പോൾ റോഡരുകിലെ ഇലക്ട്രിക് പോസ്റ്റുകൾ ഇളക്കിമാറ്റിവയ്ക്കാതിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ റോഡ് വീതി വർദ്ധിപ്പിക്കുകയും ഇലക്ട്രിക് പോസ്റ്റുകൾ പഴയ സ്ഥലത്ത് തന്നെ നിൽക്കുകയും ചെയ്യുന്നതുമൂലം ഉണ്ടാകുന്ന അപകടം ഒഴിവാക്കുന്നതിന് വേണ്ടുന്ന നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പൊതുമരാമത്ത് വകുപ്പോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ ആവശ്യപ്പെടുകയും വർക്ക് ഡെപ്പോസിറ്റ് അടയ്ക്കുകയും ചെയ്യുന്ന മുറയ്ക്ക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്നുണ്ട്.

ഒ.വൈ.ഇ.സി. തുക തവണകളായി അടയ്ക്കാൻ നടപടി

2 (3926) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒ.വൈ.ഇ.സി. തുക തവണകളായി അടയ്ക്കാൻ അനുവദിക്കുന്ന് കെ.എസ്.ഇ.ബി.-യുടെ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ;

(ബി) തവണ അടച്ച് കണക്ഷൻ ലഭിക്കാൻ അർഹരായവർ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly